**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3351 29/01/2014-ൽ മറുപടിയ്ക്ക്

## 'നിറവ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ മണ്ഡലത്തിലേയ്ക്കും എത്ര ഫണ്ടാണ് നീക്കിവെച്ചിട്ടുള്ളത്; | എ) നിറവ് പദ്ധതിയ്ക്കായി ഓരോ മണ്ഡലത്തിലേയ്ക്കും പ്രത്യേകിച്ച് ഫണ്ടുകൾ ഒന്നും നീക്കി വെച്ചിട്ടില്ല. 2012-13 ആർ.കെ.വി.വൈ യിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിരുന്നു. വിശദാംശം അനുബന്ധമായി ചേർത്തരിക്കുന്നു.<br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2013-14 സാമ്പത്തിക വർഷത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ മണ്ഡലത്തിലേയ്ക്കും 14.5 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ തയ്യാറാക്കുന്നതിന് ആരെയാണു ചുമതലപ്പെടുത്തിയിട്ടുള്ളത്; | ബി) പ്രാദേശിക നിർവ്വഹണ ഉദ്യോഗസ്ഥരെയാണ് പ്രസ്തുത പ്രവൃത്തികൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം നടത്തുവാനും, ആവശ്യമായ ഫണ്ട് അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം എല്ലാ മാസവും കൃഷി ഡയറക്ടർ നടത്തുന്നുണ്ട്. 2012-13 ൽ നിറവ് പദ്ധതിയിൽ അംഗീകരിച്ച പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ തയ്യാറാക്കിയ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളു.<br>നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ മണ്ഡലങ്ങളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം കൗൺസിൽ നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### നിറവ് പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിൽ അനുവദിച്ച തുക

| ക്രമ നം | മണ്ഡലം | അനുവദിച്ച തുക (ലക്ഷത്തിൽ) | നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | ചെങ്ങന്നൂർ | 82.5 | 82.5 |
| 2. | തൊടുപുഴ | 52.4 | 52.4 |
| 3. | പാല | 62 | 62 |
| 4. | നോർത്ത് പരവൂർ | 62.4 | 62.4 |
| 5. | കൊടുങ്ങല്ലൂർ | 4.8 | 4.8 |
| 6. | കോട്ടയ്ക്കൽ | 71.36 | 71.36 |
| 7. | ബാലുശ്ശേരി | 97.85 | 97.85 |
| 8. | പേരാമ്പ്ര | 88.57 | 88.57 |
| 9. | നാദാപുരം | 131.25 | 131.25 |
| 10. | കല്പ്പറ്റ | 59.35 | 59.35 |
| 11. | കൂത്തുപറമ്പ് | 25.1 | 25.1 |
| | **ആകെ** | **737.58** | **737.58** |

സെക്ഷൻ ഓഫീസർ